# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി4-122/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി4-122/22 തീയ്യതി: 06/07/2022

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 07-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ.എൻ. ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ജോസഫ് ജോർജ്. സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.വിജു.എം.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ. മുഹമ്മദ് ഷാഫി വി എം. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നീതു അനു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ പി യു ജോമോൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഷാജൻ എ വി | സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീമതി രശ്മി എം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിജി പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീമതി ആശാദേവി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ശ്രീ ബെഷി വി ജി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ദീപ്തി എസ് ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. ജോമോൻ ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2020 | 09-09-2020 |
| ഡോ രശ്മി പി | വെറ്ററിനറി സർജൻ | 09-09-2020 | 31-03-2021 |
| ശ്രീമതി നസീമ കെ ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 05-12-2020 |
| ശ്രീമതി മനീഷ റ്റി എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05-12-2020 | 31-03-2021 |
| ശ്രീമതി ലാലി റ്റി ജെ | ഹെഡ് മിസ്ട്രസ്, ഇൻ ചാർജ്ജ് | 01-04-2020 | 31-03-2021 |
| ശ്രീ നജീബ് റ്റി എസ് | വി ഇ ഒ ചുള്ളി | 01-04-2020 | 31-03-2021 |
| ശ്രീ മുകുൾ എസ് വി | വി ഇ ഒ അയ്യമ്പുഴ | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽകുമാർ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 08-05-2020 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-05-2020 | 16-07-2020 |
| ശ്രീ പ്രശാന്ത് ഇ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-07-2020 | 31-03-2021 |
| ഡോ. സെറിൻ കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2020 | 10-06-2020 |
| ഡോ. അനുപമ വിജയൻ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 10-06-2020 | 13-07-2020 |
| ഡോ. അനു ബി കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 13-07-2020 | 19-08-2020 |

| | | | |
|---|---|---|---|
| ഡോ. ലിജു ജോർജ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 19-08-2020 | 10-11-2020 |
| ഡോ. അനിത എ ബി | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 11-11-2020 | 31-03-2021 |
| ഡോ അമ്പിളി കെ എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 21-01-2021 |
| ഡോ. ഡയാനമോൾ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 21-01-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 17-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 13-01-2022)<br>Last Updated By: Joseph George (Senior Grade Auditor, On 13-01-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: N.Vijayakumar (Audit Officer (HG), On 19-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: N.Vijayakumar (Audit Officer (HG), On 29-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 22-01-2022)<br>Last Updated By: Viju M S (Senior Grade Auditor, On 22-01-2022) | 1-10 |
| 12 | ഗ്രാമ സഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-11 |
| 13 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-12 |
| 14 | ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു<br>Written By: Muhammed Shafi V M (Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-13 |
| 15 | ലൈസൻസ് അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-14 |
| 16 | കെട്ടിട വാടക-അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-15 |
| 17 | തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-16 |

| | | |
|---|---|---|
| 18 | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികൾ തീർപ്പാക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം<br>Written By: Viju M S (Senior Grade Auditor, On 17-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-17 |
| 19 | സാക്ഷരത പ്രേരക്കിന് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-18 |
| 20 | കുടുംബശ്രീ സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടവാക്കുന്നു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-19 |
| 21 | കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-20 |
| 22 | മാവേലി സ്റ്റോറുകൾക്ക് പഞ്ചായത്തിൽ നിന്നും ക്രമ വിരുദ്ധമായി വാടക നല്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-21 |
| 23 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-22 |
| 24 | കണ്ടിജെന്റ് തുക യാത്ര ചെലവുകൾക്കായി ഉപയോഗിക്കുന്നു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-23 |
| 25 | പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി പദ്ധതി ധനം ചെലവഴിച്ചു.<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-24 |
| 26 | തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-25 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല - കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-26 |
| 28 | ഡെപ്പോസിറ്റ് വർക്കുകളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-27 |
| 29 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-28 |
| 30 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത സാധനങ്ങൾക്കായി അധിക തുക ചെലവഴിച്ചു.<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-29 |
| 31 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ തുകയിൽ അധികരിച്ച് തുക നല്കി<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-30 |
| 32 | തെരുവുവിളക്ക് സ്ഥാപിക്കൽ- വാങ്ങൽ കരാർ പ്രകാരമുളള മെയിന്റനൻസിനായി | 1-31 |

| | | |
|---|---|---|
| | വീണ്ടും തുക ചെലവഴിച്ചു<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | |
| 33 | പൊതുടാപ്പുകളുടെ വെള്ളക്കരം- നിലവിലില്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം നൽകുന്നു.<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-32 |
| 34 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-33 |
| 35 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-34 |
| 36 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-35 |
| 37 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു<br>Written By: N.Vijayakumar (Audit Officer (HG), On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-36 |
| 38 | ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ മെയിന്റനൻസിനായി പഞ്ചായത്തിൽ നിന്നും ക്രമ വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: N.Vijayakumar (Audit Officer (HG), On 27-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-37 |
| 39 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 22-01-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 1-38 |
| 40 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-39 |
| 41 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം<br>Written By: Viju M S (Senior Grade Auditor, On 20-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ തുകഅധികരിച്ച് തുക നല്കി.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 3-1 |
| 2 | മാവേലി സ്റ്റോറുകൾക്ക് പഞ്ചായത്തിൽ നിന്നും വാടക നല്കുന്നു.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Joseph George (Senior Grade Auditor, On 19-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Joseph George (Senior Grade Auditor, On 19-01-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-8 |
| 9 | ചാർജ്/സർച്ചാർജുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 06-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 06-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.03.2020 ലെ 1(1) ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 17.02.2021 ലെ 9(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ | റസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2322230.00 | 9658293.00 | (-) 7336063.00 |
| വരവ് | 248185551.00 | 82725698.00 | 165459853.00 |
| ആകെ | 250507781.00 | 92383991.00 | 158123790.00 |
| ചെലവ് | 247091957.00 | 82082227.00 | 165009730.00 |
| നീക്കിയിരിപ്പ് | 3415824.00 | 10301764.00 | (-) 6885940.00 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 4.013കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 4.082കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2021 | 30.04.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ഫെസ്റ്റിവൽ അഡ്വാൻസ് 9000 രൂപ, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് 183817 രൂപ, മറ്റ് അഡ്വാൻസുകൾ 193790 രൂപ എന്നിവ ക്രമീകരിക്കാൻ ബാക്കിയാണ്. ഇവയുടെ വിശദവിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ല.

2.വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. ഇവയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ഏത് പ്രവർത്തിക്കാണ് തുക നൽകിയത് , പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിവരങ്ങളൊന്നും ലഭ്യമല്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല..ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4.ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).
7.ഓഡിറ്റ് റിക്കവറിയായി ലഭിച്ച തുകകൾ പ്രയർ പിരീയഡ് ശീർഷകത്തിലെ പല ഹെഡുകളിലായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഈയിനത്തിലെ ആകെ വരവ് കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9658293 |
| വരവ് | 82725698 |
| ആകെ | 92383991 |
| ചെലവ് | 82082227 |
| നീക്കിയിരിപ്പ് | 10301764 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45132.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5841406 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9580145 | 9580145 | 9565424 | 0 | 14721 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4593136 | 4593136 | 4593136 | | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 202566 | 202566 | 48000 | | 154566 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 30387000 | 30387000 | 30342878 | 0 | 44122 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3323853 | 0 | 132828 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 9627920 | 9627920 | 5687949 | | 3939971 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 3790000 | 3790000 | 2286769 | | 1503231 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ | 779130 | 1627475 | 2406605 | 280577 | 2126028 | |
| ICDS | 75431 | 483537 | 558968 | 485311 | 73657 | |

2020-21 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും 1300055/-രൂപയും വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 161059/-രൂപയും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്- എണ്ണം | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവഎണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 189 | 124354397 | 189 | 67127779 | 146 | 43 | 0 | 77.25% |

അംഗീകരിച്ച പദ്ധതികളുടെ 77.25 % മാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 57.89 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 11350 | 1447394 | 1458744 | 1418774 | 39970 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 37273127 | 37273127 | 37273127 | 0 |
| ആകെ | 11350 | 38720521 | 38731871 | 38691901 | 39970 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 06 |
| കർഷകതൊഴിലാളി പെൻഷൻ | 2931000 | 199 |
| വിധവാപെൻഷൻ | 8236300 | 535 |
| വാർദ്ധക്യ കാലപെൻഷൻ | 25869500 | 1850 |
| വികലാംഗപെൻഷൻ | 3126000 | 206 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 335300 | 23 |

| | | |
|---|---|---|
| വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1688/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4.മഹാത്മഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വിതരണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ കാര്യക്ഷമമല്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 | 01/01/21മുതൽ 31/07/21 വരെ | 19.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2019 മുതൽ 06.11.2019 വരെ | 2014-15മുതൽ 2018-19വരെ | 21.11.2019 |

## 1-11 ഗ്രാമ സഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. 2020- 2021 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിൽ 1 വീതം ഗ്രാമസഭ മാത്രമേ യോഗം ചേർന്നിട്ടുള്ളു. കോവിഡ് രോഗവ്യാപനം മൂലമാകാം ഗ്രാമസഭ ഒരെണ്ണത്തിലേക്ക് ഒതുങ്ങിയത്. ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ കൂടുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| വാർഡ് നം | ഗ്രാമസഭ കൂടിയ തീയതി |
|---|---|
| 1 | 04.02.2021 |
| 2 | 02.02.2021 |
| 3 | 09.02.2021 |
| 4 | 09.02.2021 |
| 5 | 10.02.2021 |
| 6 | 01.02.2021 |
| 7 | 03.02.2021 |

| | |
|---|---|
| 8 | 07.02.2021 |
| 9 | 01.02.2021 |
| 10 | 08.02.2021 |
| 11 | 08.02.2021 |
| 12 | 07.02.2021 |
| 13 | 10.02.2021 |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവു മൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചു കൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതായി കാണുന്നു. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/20-21/15.01.22) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽ നിന്നും അടിയന്തിര ധനസഹായം അനുവദിക്കാത്തത് ശരിയായ നടപടിയല്ല.

ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കേണ്ടതും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 1-13 ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടു

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയയിൽ വസ്തുനികുതി ആയി പോസ്റ്റ് ചെയ്യപ്പെട്ടതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാംഖ്യാ രസീത് നമ്പർ /തീയതി | കെട്ടിട നമ്പർ | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക |
|---|---|---|---|
| 1 | 119020102066, 01.02.2020 | 10/120 | 461/- |
| 2 | 120020101420, 12.02.2021 | 6/221 | 69/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20,തീയതി.18.01.2022), ഐ.കെ.എം-ന് റിക്വസ്റ്റ് നൽകി രസീതുകൾ ക്യാൻസൽ ചെയ്യുന്നതാണ് എന്ന മറുപടി ലഭിച്ചു. രസീതുകൾ ക്യാൻസൽ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് അപാകതകൾ

GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ

വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/-എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.19, തീയതി.18.01.2022) ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിട വാടക-അപാകതകൾ

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 13/326 നമ്പർ കെട്ടിടത്തിൽ നിലവിൽ പോസ്റ്റ് ഓഫീസ് ആണ് പ്രവർത്തിക്കുന്നത്. ലഭ്യമായ വാടക രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ ടി മുറിയുടെ പ്രതിമാസ വാടക 10 രൂപയാണ്. എന്നാൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലുള്ള വാടകകരാർ, വാടക അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ച് നൽകിയതിന്റെ രേഖകൾ എന്നിവ ലഭ്യമായിട്ടില്ല.
2) 13/327 നമ്പർ കെട്ടിടത്തിൽ 18.07.2009 മുതൽ സപ്ലൈക്കൊ മാവേലി സ്റ്റോർ ആണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ആദ്യത്തെ മാവേലി സ്റ്റോറായ ഇതിന് സ.ഉ.(സാധാ)നം. 301/2013/ തസ്വഭവ തീയതി 04.02.2013 പ്രകാരം പരമാവധി 5 വർഷം വരെയാണ് വാടകരഹിത കെട്ടിടം അനുവദിക്കാവുന്നത്. 17.07.2014 -ൽ ഈ കാലാവധി കഴിഞ്ഞെങ്കിലും നാളിതുവരെയും ടി കെട്ടിടത്തിന്റെ വാടക ഈടാക്കിയിട്ടില്ല.
3)പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ ലഭ്യമല്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24, 19.01.2022) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് രജിസ്റ്ററിലുണ്ടെങ്കിലും ഇവയിലെ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി (രണ്ട് അർദ്ധവർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 24/20-21 | പോളച്ചൻ റ്റി റ്റി | ബി ഫ്രണ്ട്സ് സിമന്റ് വർക്ക്സ് (ഹോളോബ്രിക്സ് നിർമ്മാണം) | 4 |
| 2 | 45/20-21 | ബിജു കെ വി | അങ്കമാലി ഗ്രാനൈറ്റ്സ് | 6 |
| 3 | 66/20-21 | കെ എം വർഗീസ് | സെന്റ് മേരീസ് സോളിഡ് ബ്രിക്സ് | 5 |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.18/18.01.2022) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2003-04മുതൽ 2010-11 വരെയുള്ള വർഷങ്ങളിലൊഴികെ 1985-86 മുതൽ 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 15.05.2019ൽ നടന്ന അദാലത്തിൽ തീർപ്പാക്കാൻ സമർപ്പിച്ചിരുന്നു. 1985-86മുതൽ 1994-95വരെയുള്ള റിപ്പോർട്ടുകളും 2001-02വർഷത്തെ വരവ് ഓഡിറ്റ് റിപ്പോർട്ടും അദാലത്തിൽ ഒഴിവാക്കിയിരുന്നു. അവശേഷിക്കുന്ന ഖണ്ഡികകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചു കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ

ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 സാക്ഷരത പ്രേരക്കിന് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല

സാക്ഷരത പ്രേരക് മാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്കായ ശ്രീമതി അനിതാ ഷാജിക്ക് . ഓണറേറിയം നല്കുന്നതിന് 15120/-രൂപ(22.03.2021,ചെക്ക് നം.44051)നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022 ൽ നല്കിയ 3ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നല്കിയ 15120/-രൂപ സർക്കാർ വിഹിതത്തിൽ നിന്നോ, സാക്ഷരത മിഷന്റെ തനത് വിഹിതത്തിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-19 കുടുംബശ്രീ സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടവാക്കുന്നു

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ.സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് (കൺസ്യൂമർ നം 1155783010047)ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നു. വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമനം | മാസം | തുക | ചെക്ക് നം | തീയതി |
|---|---|---|---|---|
| 1 | 04/2020 | 2205 | 43441 | 17.04.20 |
| 2 | 06/2020 | 2110 | 43470 | 11.06.20 |
| 3 | 08/2020 | 1971 | 2664738 | 05.08.20 |
| 4 | 10/2020 | 2181 | 2846450 | 08.10.20 |
| 5 | 12/2020 | 3022 | 1465290 | 07.12.20 |
| 6 | 02/2021 | 2240 | 555148 | 04.02.21 |
| | ആകെ | 13729 | | |

മേൽ പ്രകാരം കുടുംബശ്രീ സി.ഡി.എസിന്റെ വൈദ്യുതിച്ചാർജായി 13729/-രൂപ 2020-21സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്ന് അടവാക്കിയിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസിന് സ്വന്തമായി ഫണ്ട് ഉണ്ടെന്നിരിക്കെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വൈദ്യുതിച്ചാർജ് അടവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ പഞ്ചായത്തും കുടുംബശ്രീയും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022ൽ 4ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കൺസ്യൂമർ നമ്പറിൽ പഞ്ചായത്തിലെ വി.ഇ.ഒ ഓഫീസ്, സാക്ഷരത പ്രേരക്, ലൈബ്രറി, കുടുംബശ്രീ ഓഫീസ് എന്നിവ പ്രർത്തിക്കുന്നുണ്ടെന്നും ഇതിന്റെയെല്ലാം വൈദ്യുതി ബില്ല് കുടുംബശ്രീ ഓഫീസിന്റെ പേരിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും കുടുംബശ്രീ ഒരു സ്വതന്ത്ര സ്ഥാപനവും അതിന്റെ പ്രവർത്തനങ്ങൾക്ക് സ്വന്തമായ ഫണ്ടുള്ള സ്ഥാപനവുമാണ്. ആയതിന്റെ വൈദ്യുതി ബില്ല് പഞ്ചായത്തിൽ നിന്ന് നൽകേണ്ട ആവശ്യമില്ല. ആയതിനാൽ പ്രസ്തുത വൈദ്യുതി ബില്ല് ആനുപാതികമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ മുലെപ്പാറ കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ സംബന്ധിച്ച ചെലവുകൾ എന്നിവ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം

പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃസമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് 6.6.2002-ലെ ജി.ഒ.എം.എസ്.20/02 ആസൂത്രണം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ 10,11,283/-രൂപ നൽകുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | ചെക്ക് നം | തീയതി |
|---|---|---|---|
| 1 | 81163 | 43441 | 17.04.2020 |
| 2 | 88808 | 2664725 | 20.05.2020 |
| 3 | 81396 | 2664732 | 11.06.2020 |
| 4 | 72170 | 2664736 | 10.07.2020 |
| 5 | 81577 | 2664738 | 05.08.2020 |
| 6 | 86955 | 2846447 | 08.09.2020 |
| 7 | 94994 | 2846450 | 08.10.2020 |
| 8 | 88272 | 1465283 | 07.11.2020 |
| 9 | 84923 | 1465290 | 07.12.2020 |
| 10 | 88567 | 555133 | 06.01.2021 |
| 11 | 82574 | 555148 | 04.02.2021 |
| 12 | 79884 | 41908 | 08.03.2021 |
| ആകെ 10,11,283 | | | |

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 10.11.2016 ലെ ജി.ഒ (ആർ.ടി) 3066/2016 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിച്ചാർജ് തനത് ഫണ്ടിൽ (എസ്.സി.പി/മെയിന്റനൻസ്) നിന്ന് അടവാക്കാമെങ്കിലും മറ്റു കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി മൂന്ന് പമ്പ് ഓപ്പറേറ്റർമാരേയും പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ശമ്പളമിനത്തിൽ പ്രതി വർഷം 360000/-രൂപ പഞ്ചായത്തിന് ചെലവ് വരുന്നുണ്ട്. ആയതിനും വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.01.2022 നൽകിയ 10 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത കുടിവെള്ള പദ്ധതി ഗ്രാമ പഞ്ചായത്തിലെ 5 വാർഡുകളിൽ പൂർണ്ണമായും 2 വാർഡുകളിൽ ഭാഗികമായും ഉപയോഗിക്കപ്പെടുന്നതാണെന്നും വേനൽക്കാലങ്ങളിൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നും ആയത് ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നത് ഈ കുടിവെള്ള പദ്ധതി മൂലമാണെന്നും കുടിവെള്ളവിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലുമാണ് ഈ പദ്ധതിയുടെ ചെലവ് പഞ്ചായത്ത് വഹിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. എങ്കിലും തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ഭീമമായ തുകയാണ് ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതി സർക്കാർ നിർദ്ദേശം പാലിച്ച് ഗുണഭോക്തൃസമിതിയെ ഏല്പിക്കുന്ന പക്ഷം വലിയ സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് രക്ഷപ്പെടാവുന്നതാണ്. ആയതിനാൽ പഞ്ചായത്ത് കമ്മറ്റി ഉചിതമായ തീരുമാനം ഈ വിഷയത്തിൽ കൈക്കൊള്ളേണ്ടതാണ്.

## 1-21 മാവേലി സ്റ്റോറുകൾക്ക് പഞ്ചായത്തിൽ നിന്നും ക്രമ വിരുദ്ധമായി വാടക നല്കുന്നു.

22.02.2019 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 386/2017 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രണ്ടമാതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 700ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷം വരെ വാടക രഹിതമായി നല്കുവാൻ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 25.09.2015 ൽ രണ്ടാമതായി ആരംഭിച്ച മാവേലി സ്റ്റോറിന് ശ്രീ. എൻ.വി ജോയി, മാടൻ വീട്ടിൽ, അയ്യമ്പുഴ, ശ്രീ.എം.കെ വർഗ്ഗീസ്.കൂത്താൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/10(J), 1(28.90 M2) 11/10(N) (14.95M2) എന്നീ നമ്പറുള്ള കെട്ടിടങ്ങൾ സംയുക്തമായാണ് മാവേലി സ്റ്റോറായി പ്രവർത്തിക്കുവൻ നല്കിയത്. എന്നാൽ പ്രസ്തുത വ്യക്തികൾ 1.6.2019 ൽ സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന തങ്ങളുടെ കെട്ടിടത്തിന് നാളിതുവരെ (10/2015 മുതൽ 5/2019 വരെ) വാടക വാങ്ങാതെ സൗജന്യമായി നൽകിയിരുന്നതായും എന്നാൽ 6/2019 മുതൽ വാടക നിശ്ചയിച്ച് നല്കണമെന്ന് അറിയിച്ചത് പ്രകാരം പഞ്ചായത്ത് കമ്മറ്റിയുടെ 04.06.2019 ൽ 7(1) തീരുമാന പ്രകാരം ഈ കെട്ടിടങ്ങൾ വാടക നിർണ്ണയിച്ച് നല്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ഏല്പിക്കുകയും പഞ്ചായത്ത് കമ്മറ്റിയുടെ 29.08.2019 ലെ 3(1) തീരുമാനപ്രകാരം കെട്ടിട ഉടമസ്ഥർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച വാടക നല്കുവാൻ തീരുമാനവുമെടുത്തു. അതിൻ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് പ്രതിമാസം 4000,2000 എന്നീ ക്രമത്തിൽ വാടക നിശ്ചയിച്ച് 06/2019 മുതൽ വാടക നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്

1. 2015 സെപ്തംബറിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കെട്ടിടം നല്കിയ ഉടമസ്ഥരുമായി മാവേലി സ്റ്റോർ അധികൃതരോ, പഞ്ചായത്ത് അധികൃതരോ ഏർപ്പെട്ടിട്ടുള്ള കരാറും, മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനവും ഹാജരാക്കിയില്ല.

2. മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ച വേളയിൽ തയ്യാറാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തെന്ന് പരിശോധിക്കാതെയും, സിവിൽ സപ്ലൈസിൽ നിന്നുള്ള അഭിപ്രായം/ കത്തിടപാടുകൾ എന്നിവയൊന്നും

കൂടാതെ കെട്ടിട ഉടമകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം വാടക നൽകുവാനുള്ള കാരണം വ്യക്തമല്ല.
3. രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറിന് 5 വർഷം വരെ മാത്രമാണ് വാടക രഹിതമായി കെട്ടിടം നൽകുവാൻ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് 9/2020 ൽ പൂർത്തിയായിരിക്കെ നിലവിലും വാടക നൽകുന്നതായി കാണുന്നു. മേൽ ചെലവിനത്തിൽ പഞ്ചായത്തിന് 24000/-രൂപ നഷ്ടം സംഭവിച്ചിട്ടിണ്ട്. വിശദവിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് ശ്രീ അരുൺ കുമാറിന് 2020-21 സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്.

| ക്രമനം | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|
| 1 | WP(c)3054/2016<br>WP(c)11089/2012 | 26000 | 495292 | 08.07.2020 | 2600 |
| 2 | WP(c)10674/2020(H)<br>WP(c)10330/2020(M) | 30000 | 555159 | 13.02.2021 | 3000 |
| | ആകെ | 56000 | | | 5600 |

ആദായ നികുതി വകുപ്പിന്റെ 194 (J) ആക്ട് പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും അവർക്ക് നല്കുന്ന ഫീസിൽ നിന്ന് 10% തുക ആദായ നികുതിയായി ഈടാക്കാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും അഡ്വക്കേറ്റ് ശ്രീ അരുൺ കുമാറിൽ നിന്നും 5600/-രൂപ ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് 14.01.2021ൽ നല്കിയ 5ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അഡ്വക്കേറ്റ് അരുൺകുമാറിൽ നിന്ന് ആദായ നികുതി അടവാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും നികുതി അടവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-23 കണ്ടിജെന്റ് തുക യാത്ര ചെലവുകൾക്കായി ഉപോഗിക്കുന്നു

അയ്യമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഇലക്ട്രിസിറ്റി, വാട്ടർ ,ടെലഫോൺ ചാർജുകൾ,ആംബുലൻസ് മെയിന്റനൻസ്, ഡീസൽ ചാർജ്, ഡ്രൈവറുടെ വേതനം, പോസ്റ്റേജ് ചാർജ്, ഓഫീസ് സ്റ്റേഷനറി തുടങ്ങിയ ചെലവുകൾക്കായി 07.05.2020 ൽ 153/2020ാം നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർ കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 29.05.2020 ൽ XY2664728 നമ്പർ ചെക്ക് പ്രകാരം 300000/-രൂപയും, 01.04.2020 ൽ 43439 നമ്പർ ചെക്ക് പ്രകാരം 50000/-രൂപയും അനുവദിച്ച് നല്കിയിരുന്നു. എന്നാൽ പ്രസ്തുത തുകയിൽ നിന്നും സ്റ്റാഫിന് ജോലിക്ക് ഹാജരാകുന്നതിന് വേണ്ടി ശ്രീ ഷൈജു.വി.കെ എന്ന വ്യക്തിയുടെ KL-63-80 നമ്പറിലുള്ള വാഹനം ഒരു കിലോമീറ്ററിന് 17 രൂപ നിരക്കിൽ അനുവദിച്ച് കൊണ്ട് 31 ദിവസം ഓടിയതിന് 79370/-രൂപ (ചെക്ക് നം.2458351,തീയതി 09.06.2020,79370 രൂപ) നല്കിയിട്ടുണ്ട്. ചില ദിവസങ്ങളിൽ വാഹനം 200 കിലോ മീറ്ററിലധികെ ഓടിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം | കി.മീ റീഡിംങ് തുടക്കം | കി.മീ റീഡിംങ് ഒടുക്കം | കി.മീ | അനുവദിച്ച തുക | ഓടിയ തീയതി |
|---|---|---|---|---|---|
| 1 | 267436 | 267742 | 304 | 5168 | 01.04.2020 |
| 2 | 268030 | 268376 | 346 | 5882 | 06.04.2020 |
| 3 | 268508 | 268831 | 323 | 5491 | 09.04.2020 |
| 4 | 269122 | 269378 | 256 | 4356 | 15.04.2020 |
| 5 | 269553 | 269885 | 323 | 5490 | 18.04.2020 |
| 6 | 269885 | 270131 | 246 | 4180 | 20.04.2020 |
| 7 | 270153 | 270374 | 221 | 3750 | 21.04.2020 |
| 8 | 270374 | 270655 | 281 | 4770 | 23.04.2020 |
| 9 | 270789 | 271066 | 277 | 4700 | 28.04.2020 |
| 10 | 271140 | 271412 | 272 | 4620 | 30.04.2020 |
| 11 | 271676 | 271916 | 240 | 4000 | 05.05.2020 |

കൊറോണ മഹാമാരി ലോകമാകെ പടർന്ന് പിടിച്ച കാലയളവിൽ അശുപത്രികളുടെ പ്രവർത്തനം

അത്യന്താപേക്ഷിതമാണ്.എന്നാൽ സർക്കാർ ജീവനക്കാർ അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ 8 കിലോ മീറ്റർ ചുറ്റളവിൽ ജോലി ചെയ്യണമെന്ന് സർക്കാർ നിർദ്ദേശം നിലവിലിരിക്കെ ജീവനക്കാരെ ആശുപത്രിയിലെത്തിക്കുവാൻ കണ്ടിജന്റ് ചെലവുകളിൽ നിന്ന് ഇത്രയും തുക ചെലവഴിച്ചതിനും,കത്ത് മുഖാന്തരം ആവശ്യപ്പെട്ട ഇനത്തിനല്ലാതെ കണ്ടിജന്റ് തുക വക മാറ്റി ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണെന്നും കൂടാതെ ജീവനക്കാരെ ആശുപത്രിയിലെത്തിക്കുവാൻ പ്രത്യേകമായി വാഹനം ഉപയോഗിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും, ആവശ്യകത നിർണ്ണയം നടത്താതെ 300000/-രൂപ മുൻകൂർ അനുവദിച്ചതിനും സെക്രട്ടറി പ്രത്യേകമായി വിശദീകരണം നല്കേണ്ടതാണെന്നും 01.04.2020 ൽ 434390ം നമ്പർ ചെക്ക് പ്രകാരം 50000/-രൂപ കണ്ടിജന്റ് ചെലവിനായി മുൻകൂർ അനുവദിച്ച് നല്കിയതിൽ 45480രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 4520രൂപ തിരിച്ചടച്ചതിന്റെ വിവരവും ആവശ്യപ്പെട്ട് കൊണ്ട് 18.01.2022 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ എഫ്.എച്ച്.സിയിലെ ആംബുലൻസിന്റെ വാടകയിനത്തിൽ ഈടാക്കുന്ന തുക അതത് ദിവസമോ തൊട്ടടുത്ത ദിവസമോ എഫ്.എച്ച്.സിയിൽ അടവാക്കി കാണുന്നില്ല. ആയത് അതത് ദിവസമോ, അവധിദിനമാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിനത്തിലോ കുടുംബാരോഗ്യ കേന്ദ്രത്തിൽ രസീത് പ്രകാരം സ്വീകരിക്കേണ്ടതും, ആയതിന്റെ രസീത് ഡൈവർക്ക് നൽകേണ്ടതുമാണ്. സ്റ്റാഫിന് ജോലിക്ക് ഹാജരാകുന്നതിന് വേണ്ടി വാഹനം വാടകയ്ക്കെടുത്ത് ഓടിയയിനത്തിൽ ശ്രീ ഷൈജു.വി.കെയ്ക്ക് തുക നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാകുന്നത് വരെ 79370/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി പദ്ധതി ധനം ചെലവഴിച്ചു.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ മൂലം നാശനഷ്ടം സംഭവിച്ച പ്രാദേശിക സർക്കാരുകൾക്ക് വിഹിതമായി ലഭിച്ച തുക ഉപയോഗിച്ച് താഴെ പറയുന്നതും പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ റോഡുകൾ പണിയുന്നതിനായുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.2.20 ലെ സാധാരണ മീറ്റിംഗിലെ 1(2) ാം നമ്പർ തീരുമാന പ്രകാരം കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന റോഡുകളുടെ മെയിന്റനൻസിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ചെലവ് തുക | ബിൽ വിവരം |
|---|---|---|---|---|
| 1 | 8ാം ബ്ലോക്ക് പ്ലാന്റേഷൻ റോഡ് റീടാറിംഗ് (198/21) | ജോയി.വി | 309303 | 115/30.3.21 |
| 2 | 2ാം ബ്ലോക്ക് പ്ലാന്റേഷൻ റോഡ് (200/21) | ജോയി.വി | 489822 | 113/30.3.21 |
| 3 | പ്ലാന്റേഷൻ ഐ.ബി കയറ്റം റോഡ് റീടാറിംഗ് (199/21) | ജോയി.വി | 489528 | 114/30.3.21 |
| 4 | 13ാം ബ്ലോക്ക് ചെക്ക് പോസ്റ്റ് റോഡ് റീടാറിംഗ് (197/21) | കെ.എസ്. പോളി | 309481 | 17.10.21 (21-22) |

| | | | | |
|---|---|---|---|---|
| | | | | |
| 5 | കുളിരാംതോട് റോഡ് റീടാറിംഗ് (196/21) | കെ.എസ്. പോളി | 399544 | 17.10.21 (21-22) |
| | ആകെ | | 1997678 | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ മൂലം നാശനഷ്ടം സംഭവിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതമായി ലഭിച്ച തുക ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. എന്നാൽ പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ ( സ.ഉ (കൈ)170/2019/തസ്വഭവ തീ.23.12.2019) പൊതു ആസ്തികളുടെ പുനർ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് വേണ്ട തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായും അനുവദിക്കുന്നുണ്ടെന്നും ആയതിനാൽ പ്രത്യേക വിഹിതമായി ലഭിക്കുന്ന തുക പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കുന്നതിന് വിനിയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ആസ്തി പുനർ നിർമ്മാണത്തിനായി പ്രസ്തുത തുക ചെലവഴിച്ചത് തികച്ചും ക്രമവിരുദ്ധമാണ്.

2. അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 3.1.20 ലെ എ3-3575/19 ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രദേശത്തുള്ള റോഡുകളുടെ അറ്റകുറ്റപ്പണിയും, നിർമ്മാണവും പഞ്ചായത്ത് ചെലവിൽ ചെയ്യുന്നതിന് അനുമതി (എൻ.ഒ.സി) നൽകുന്നതായി കേരള പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 24.1.20 ലെ PCK/MD/F-304/26 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായി കാണുന്നു. ഇതിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയിൽ ഇപ്രകാരമുള്ള തീരുമാനം എടുക്കുന്നതിന് മുമ്പ് തന്നെ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ മെയിന്റനൻസ് നടത്തുന്നതിന് തീരുമാനിച്ച് എൻ.ഒ.സി ആവശ്യപ്പെട്ടിട്ടുള്ളതായി വ്യക്തമാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് മുമ്പായി തന്നെ ഇത്തരത്തിൽ എൻ.ഒ.സി ആവശ്യപ്പെടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3. ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലുള്ളതും, ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി മാത്രമേ പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാവൂ എന്നിരിക്കെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി പദ്ധതി ധനം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.5.2009 ലെ സ.ഉ (ആർ.റ്റി) 1110/09 നമ്പരായുള്ള ഉത്തരവിൽ പൊതു ജനങ്ങൾക്ക് ഗതാഗതത്തിന് ഉപയോഗിക്കാൻ അനുവദിക്കാമെന്ന എസ്റ്റേറ്റ് ഉടമകളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തോട്ടം മേഖലകളിലേയും എസ്റ്റേറ്റ് റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ പ്ലാന്റേഷൻ കോർപ്പറേഷൻ ഇത്തരത്തിലൊരു സമ്മതപത്രം നൽകിയിട്ടില്ല. മാത്രമല്ല, പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെയുള്ള ഗതാഗതത്തിന് പൊതു ജനങ്ങളിൽ നിന്നും നിശ്ചിത തുക ഫീസായി പ്ലാന്റേഷൻ കോർപ്പറേഷൻ ഈടാക്കുന്നുമുണ്ട്. (ഇരു ചക്ര വാഹനങ്ങൾക്ക് 10/-രൂപ, അതിനു മുകളിൽ 25/-രൂപ നിരക്കിലാണ് റോഡ് പാസ് നൽകുന്നത്) ഇത്തരത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഫീസ് ഈടാക്കി ഗതാഗതം അനുവദിച്ചിട്ടുള്ള സ്വകാര്യ റോഡുകളുടെ മെയിന്റനൻസിനായി പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചത് ക്രമ വിരുദ്ധമായി ഓഡിറ്റിൽ കാണുന്നു. സർക്കാർ സാധൂകരണം ലഭ്യമാകുന്നത് വരെ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 1288653/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമ വിരുദ്ധമായ ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-25 തെരുവ് വിളക്ക് മീറ്ററിംഗ് സമ്പ്രദായത്തിലാക്കിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്,ഇ,ബി നല്കുന്നതും,

ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിനത്തിൽ (230100101) 9,60,507 രൂപ നല്കിയതായി കാണുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022 ൽ നല്കിയ 20ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ അടിയന്തരമായി തന്നെ തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റേണ്ടതും ,പരാതികൾ സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരങ്ങൾ അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-26 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല - കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ഇനത്തിലും ലഭിച്ചതും, തിരികെ നൽകിയതുമായ തുകകൾ പ്രത്യേക പേജുകളിലായി രേഖപ്പെടുത്തുകയോ, ആകെ തുക കൂട്ടി എഴുതുകയോ, വർഷാന്ത്യത്തിൽ ഓരോ ഇനത്തിന്റെയും സംക്ഷിപ്ത വിവരം രേഖപ്പെടുത്തുകയോ, നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് തുക 764905/-രൂപയാണ്. ടി നീക്കിയിരുപ്പ് തുകയിൽ 01.10.2007 മുതലുള്ള തുകകൾ ഉള്ളതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്നും നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ വിവരങ്ങൾ കണക്കാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20-21/16.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ കൃത്യമായി കണക്കാക്കി പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-27 ഡെപ്പോസിറ്റ് വർക്കുകളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

എ) ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ വാർഷിക പദ്ധതി മുഖാന്തിരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളും പ്രവർത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 158/21 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | Rs.1089000/- (Billno-23/2020-21 Rs.1089000 Dt 25/11/2020) |
| 220/21 | വാർഡ്- 10 -പൈപ്പ് ലൈൻ നീട്ടൽ | Rs.150000/- (Billno-42/2020-21 Rs.150000 Dt 27/03/2021) |
| 210/21 | ജൽജീവൻ മിഷൻ | Rs.150000/- (Billno-21/2020-21 Rs.150000 Dt 25/11/2020) |
| | ആകെ | 13,89.000 /- |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് ജലജീവൻമിഷനിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. 15% ഗ്രാമപഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിവ ഉൾപ്പടെയാണ് പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങളും വാട്ടർ അതോറിറ്റി കൈപ്പറ്റിയതിന്റെയും പ്രവർത്തി പൂർത്തീകരിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.ഇപ്രകാരം വിവിധ പ്രൊജക്ടുകൾക്കായി Kwa യിൽ നിക്ഷേപിച്ച തുകയ്ക്കുള്ള പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഇതുവരെ ലഭ്യമാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കിയില്ല.

ബി) എസ്.എസ്.എ വിഹിതം നല്കൽ (പ്രോജക്ട് നം-01/21) പദ്ധതിയുടെ തദ്ദേശസ്ഥാപന വിഹിതമായി 100000 രൂപ ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.(ബിൽ നം-25/2020-21 Rs.100000/- Dtd. 08/12/2020 ) പദ്ധതി പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അധ്യാപക പരിശീലനം, ടീച്ചേഴ്സ് ഗ്രാന്റ്, കുട്ടികൾക്ക് യൂണിഫോം ഇനങ്ങളിലുൾപ്പടെയാണ് ചെലവ് കണക്കാക്കിയിരുന്നത്. കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ അടച്ചിട്ടിരുന്നതിനാൽ ഈയിനങ്ങളിൽ ചെലവിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല. നൽകിയ തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ

എസ്.എസ്.എ നടത്തിയ പ്രവർത്തനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.

ഈ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദവിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികളിലായി ചെലവഴിച്ച 14,89,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-36/2021) ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് (കി.ഗ്രാമിന് 70 രൂപ നിരക്കിൽ) വിതരണം ചെയ്തത് മൃദുല ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനമാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017 ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

ബിൽ നം- 05/2020-21 Rs.507800/-c/o Dtd 7/08/2020

ബിൽ നം- 06/2020-21 Rs.206018/-c/o Dtd 23/10/2020

ബിൽ നം- 13/2020-21 Rs.12701/-c/o Dtd 12/02/2021

ബിൽ നം- 14/2020-21 Rs.84132/-c/o Dtd 29/03/2021

ചെക്ക് നം -555137 Dtd 11/02/2021 Rs.256996/-& ചെക്ക് നം -555160 Dtd 15/03/2021 Rs.228315/-

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 115/13.04.2020 | 46830 | 2342.00 |
| 2 | 109/22.03.2020 | 43050 | 2152.00 |
| 3 | 127/11.05.2020 | 47880 | 2394.00 |
| 4 | 137/11.06.2020 | 56070 | 2802.00 |
| 5 | 138/29.07.2020 | 56700 | 2834.00 |
| 6 | 143/13.08.2020 (Safala) | 27360 | 1368.00 |
| 7 | 144/23.07.2020 | 55650 | 2782.00 |
| 8 | 148/29.09.2020 | 68110 | 3406.00 |
| 9 | 219/13.07.2020 (Safala) | 26932 | 1346.00 |
| 10 | 147/16.09.2020 (Safala) | 26291 | 1314.00 |
| 11 | 235/10.11.2020 | 55440 | 2772.00 |
| 12 | 150/14.10.2020 | 27787 | 1388.00 |
| 13 | 152/11.11.2020 | 27360 | 1368.00 |
| 14 | 155/07.12.2020 | 46410 | 2320.00 |
| 15 | 166/16.01.2021 | 67375 | 3368.00 |
| 16 | 180/19.02.2021 | 23085 | 1154.00 |
| 17 | 179/19.02.2021 | 56700 | 2834.00 |
| 18 | 167/16.01.2021 | 23298 | 1164.00 |
| 19 | 192/26.03.2021 | 22230 | 1110.00 |
| 20 | 191/26.03.2021 | 57120 | 2856.00 |
| | Total | | 43074.00 |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 43074/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. കൂടാതെ ഗർഭിണികളായവർക്ക് വിതരണം നടത്തുന്ന സഫല പോഷകാഹാരത്തിന് ജി.എസ്.ടി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവൊന്നും ഹാജരാക്കിയിട്ടില്ല. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത സാധനങ്ങൾക്കായി അധിക തുക ചെലവഴിച്ചു.

2020-21 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-36/2021) ഭാഗമായി അംഗൻവാടികളിൽ സാധനങ്ങൾ വാങ്ങിയത് സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നാണ്. വാങ്ങലുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ മാവേലി സ്റ്റോറിൽ നിന്നും

30/09/2020 ൽ 0703124/20183 നമ്പർ ബിൽ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വില രണ്ട് പ്രാവശ്യം നൽകിയിട്ടുണ്ട്. ആകെ ബിൽ തുകയായ129987/-രൂപയിൽ 17296/-രൂപ ട്രഷറി ബിൽ നമ്പർ 06/2020-21 പ്രകാരം 23/10/2021 ലും പിന്നീട് ഈ തുക കുറക്കാതെ മുഴുവൻ ബിൽ തുകയായ 129987/-രൂപയുൾപ്പടെ 236876/-രൂപ ട്രഷറി ബിൽ നമ്പർ 12/2020-21 പ്രകാരം 12/02/2021 ലും സപ്ലൈകോ മാവേലി സ്റ്റോറിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. പാർട്ട് പേയ്മെന്റ് നൽകിയ 17296/-രൂപ അധികമായി സപ്ലൈകോക്ക് നൽകിയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.ഈ സാഹചര്യത്തിൽ സപ്ലൈകോക്ക് അധികമായി നൽകിയ 17296/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭക്ഷണവിതരണത്തിന്റെ തുക അനുവദിക്കുന്നതിന്റെ കണക്കുകൾ സുതാര്യമായല്ല തയ്യാറാക്കിയിട്ടുള്ളത്. മാവേലി സ്റ്റോർ, അമൃതം ഫുഡ്സ്, വാഹനവാടക എന്നീയിനങ്ങളിൽ ചെലവഴിക്കപ്പെടുന്ന തുകയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പല ബില്ലുകളിൽ നിന്നും പാർട്ട് പേയ്മെന്റായി തുക നൽകുന്നുണ്ടെങ്കിലും ഇത്തരം പാർട്ട് പേയ്മെന്റ് വിവരങ്ങൾ ഒരിടത്തും രേഖപ്പെടുത്തുന്നില്ല. ഇതിന്റെ ബാലൻസ് തുക പലപ്പോഴും മാസങ്ങൾക്ക് ശേഷം പല ഫണ്ടുകളിൽ നിന്നാണ് ചെലവഴിക്കുന്നത്. നൽകാനുള്ള ബിൽ തുക ക്രമപ്രകാരമല്ല നൽകുന്നത്. അവസാനമാസങ്ങളിലെ തുക നൽകിയതിന് ശേഷമാണ് പലപ്പോഴും ആദ്യമാസങ്ങളിലെ ബില്ലുകൾ നൽകുന്നത്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലും അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഓരോമാസവും വാങ്ങുന്ന ഭക്ഷണസാധനങ്ങളുടെ ബിൽ വിവരങ്ങളോ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത് എന്ന വിവരമോ ബിൽ തിയതിയോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ബില്ലിനൊപ്പം ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ള പല സാധനങ്ങളും ബന്ധപ്പെട്ട അംഗൻവാടി അധ്യാപകർ കൈപ്പറ്റിയെന്ന് സാക്ഷ്യപ്പെടുത്തുന്നില്ല. ഈ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-30 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ തുകയിൽ അധികരിച്ച് തുക നല്കി

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ടിയാനെ ഏല്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ബിൽ പ്രകാരം തുക നല്കിയപ്പോൾ ടെണ്ടർ പ്രകാരമുള്ള തുക നല്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കി. ഈ പ്രവൃത്തികൾക്കെല്ലാം തുക നല്കിയിട്ടുള്ളത് 2020-21 സാമ്പത്തിക വർഷത്തിലാണ്. ഈയിനത്തിൽ 19212/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട് വിശദവിവരങ്ങൾ ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-31 തെരുവുവിളക്ക് സ്ഥാപിക്കൽ- വാങ്ങൽ കരാർ പ്രകാരമുള്ള മെയിന്റൻസിനായി വീണ്ടും തുക ചെലവഴിച്ചു

തെരുവുവിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം-115/20)

(ബിൽ നമ്പർ-05/2019-20 Rs.889077/- C/o 12/06/2019)
2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ തെരുവുവിളക്ക് സ്ഥാപിക്കൽ (പ്രോജക്ട് നം-115/20 SO) പദ്ധതിയിൽ തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 889077/-രൂപ ചെലവഴിച്ചിട്ടുണ്ട്. A3-10/2018 Dtd.08/11/2018 നമ്പർ നോട്ടീസ് പ്രകാരം നടത്തിയ ഇ ടെണ്ടർ പ്രകാരം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട 2 വർഷത്തെ റീപ്ലേസ്മെന്റ് വ്യവസ്ഥയിൽ 24 Watt Automatic LED തെരുവുവിളക്ക് ഇൻസ്റ്റലേഷനുൾപ്പടെ നൽകാൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് Omituxഎന്ന സ്ഥാപനമാണ് Rs.1410/-രൂപ, Ammini Electrical 1420/-രൂപ, Pyrutec Rs.1426രൂപ, Niwan Rs.1589/-രൂപ എന്നിങ്ങനെയാണ് മറ്റ് സ്ഥാപനങ്ങളുടെ നിരക്കുകൾ. ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്ന രണ്ട് വ്യവസ്ഥകൾ ടെണ്ടർ അവസാനിച്ചതിനുശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ 19/12/2018ലെ 2(1) തീരുമാനപ്രകാരം ഉൾപ്പെടുത്തിയാണ് കരാറുകാരനെ തിരഞ്ഞെടുത്തിട്ടുള്ളത്. സ്ഥാപിക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ രണ്ട് വർഷത്തെ മെയിന്റനൻസും ഇഉറപ്പുവരുത്തുന്നതിനായി അടങ്കലിന്റെ 20% സെക്യൂരിറ്റിയായി നൽകണം എന്നിവയായിരുന്നു പുതിയ വ്യവസ്ഥകൾ. ടെണ്ടറിലില്ലാതിരുന്ന ഈ വ്യവസ്ഥകൾ സമ്മതിച്ചുവെന്നതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറിലെ കുറഞ്ഞനിരക്കുകൾ ക്വാട്ട് ചെയ്ത മൂന്ന് സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഒഴിവാക്കി കുറഞ്ഞ നിരക്കിനെക്കാൾ 179രൂപ അധികം ക്വാട്ട് ചെയ്തിരുന്ന മെ.നിർവാൺ ഇൻഡസ്ട്രീസ്, കുറിച്ചി, കോയമ്പത്തൂർ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. സ്ഥാപന പ്രതിനിധികളുമായി പഞ്ചായത്ത് ചർച്ച നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗത്തിന്റെ മിനിട്സ് ,തീരുമാനങ്ങൾ എന്നിവ സംബന്ധിച്ച യാതൊരുവിവരവും ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകൾ അടിക്കടി തകരാറിലാവുന്നത് തടയുന്നതിനായി 275 രൂപ വില വരുന്ന20 KV വരെ വോൾട്ടേജ് പ്രതിരോധിക്കുന്ന പ്രൊട്ടക്ടീവ് ഡിവൈസ് സൌജന്യമായി നൽകാമെന്ന് മെ.നിർവാൺ ഇൻഡസ്ട്രീസ് സമ്മതിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) സ്ഥാപിക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ രണ്ട് വർഷത്തെ മെയിന്റനൻസും ഇഉറപ്പുവരുത്തുന്നതിനായി അടങ്കലിന്റെ 10% സെക്യൂരിറ്റി നൽകണം എന്ന വ്യവസ്ഥകൾ സമ്മതിച്ചുവെന്നതിന്റെ അടിസ്ഥാനത്തിൽ

ടെണ്ടറിലെ കുറഞ്ഞനിരക്കുകൾ ക്വാട്ട് ടെണ്ടറുകൾ ഒഴിവാക്കി അധികതുക ക്വാട്ട് ചെയ്ത മെ.നിർവാൺ ഇൻഡസ്ട്രീസ്, കുറിച്ചി, കോയമ്പത്തൂർ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയതെങ്കിലും സെക്രട്ടറി 2020-21 വർഷം നടപ്പിലാക്കിയ തെരുവുവിളക്കുകൾക്ക് എ.എം.സി എന്ന പദ്ധതി (പ്രോജക്ട് നം-08/21) പ്രകാരം 24 W LED ബൾബുകളുകളുടെ മെയിന്റനൻസിനായി 248218/-(UTR No.U000000855601588/തീയതി 26.03.21) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയെല്ലാം വാങ്ങിയ സ്ഥാപനങ്ങളുമായുള്ള കരാർ പ്രകാരം തന്നെയുള്ള രണ്ടുവർഷത്തെ റീപ്ലേസ്മെന്റ് വാറന്റിയും മെയിന്റനൻസ് കരാറും നിലവിലുള്ള സാഹചര്യത്തിൽ മറ്റുസ്ഥാപനങ്ങൾക്ക് കരാർ നൽകി അധിക തുക ചെലവഴിക്കേണ്ടിവന്നത് വിശദീകരിച്ചിട്ടില്ല. ഇതിന് മറുപടി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈയിനത്തിലെ ചെലവ് 248218/-രൂപ തടസ്സപ്പെടുത്തുന്നു.

02) തെരുവുവിളക്കുകൾ അടിക്കടി തകരാറിലാവുന്നത് തടയുന്നതിനായി 275 രൂപ വില വരുന്ന20 KV വരെ വോൾട്ടേജ് പ്രതിരോധിക്കുന്ന പ്രൊട്ടക്ടീവ് ഡിവൈസ് സൌജന്യമായി നൽകാമെന്ന് മെ.നിർവാൺ ഇൻഡസ്ട്രീസിന്റെ കരാറിൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്ഥാപനം ഹാജരാക്കിയ ബില്ലിൽ പ്രൊട്ടക്ടീവ് ഡിവൈസ് സംബന്ധിച്ച വിവരങ്ങളൊന്നുമില്ല.

03) തെരുവുവിളക്കുകൾക്ക് എ.എം.സി എന്ന പദ്ധതി (പ്രോജക്ട് നം-08/21) പ്രകാരം 24 W LED ബൾബുകളുകളുടെ മെയിന്റനൻസിനായി തയ്യാറാക്കിയ പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ തെരുവുവിളക്ക് ഉപകരണങ്ങൾ മാറ്റിയതിന് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. 24 W LED ബൾബുകളുകളുടെ മെയിന്റനൻസ് പ്രവൃത്തിയിൽ സ്ഥാപനം 9 വാട്ടിന്റെ 250 ബൾബുകൾ വാങ്ങിയതിന്റെ മാറ്റി സ്ഥാപിച്ചതിനുള്ള തുക നൽകി. വാറന്റിയുള്ള 24 Wബൾബുകൾക്ക് പകരം 9 വാട്ടിന്റെ ബൾബ് സ്ഥാപിച്ചതെന്തിന് എന്ന് വ്യക്തമല്ല.

04) ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം മുതലാണ് ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾ ഉപയോഗിക്കുന്നത്. 2018-19 വർഷം മെ.നിർവാൺ ഇൻഡസ്ട്രീസിൽ നിന്നും 192 എണ്ണം 24 W LED ബൾബുകളും 2019-20 ലെ പദ്ധതിയിൽ ഇതേ സ്ഥാപനത്തിൽ നിന്നും 538 24 W LED ബൾബുകളും 2020-21 വർഷം നടപ്പിലാക്കിയ പദ്ധതി പ്രകാരം ക്രൂസിൽ നിന്നും 241 എണ്ണം 24 W LED ബൾബുകളുമാണ് വാങ്ങിയിട്ടുള്ളത്. ഇവയെല്ലാം രണ്ടുവർഷത്തെ റീപ്ലേസ്മെന്റ് വാറന്റി ഉള്ളവയാണ്. 2020-21 വർഷം നടപ്പിലാക്കിയ പദ്ധതി പ്രകാരം ക്രൂസിൽ നിന്നും വാങ്ങിയ 241 എണ്ണം ഒഴികെ ആകെ 730 24 W LED ബൾബുകളാണുള്ളത്. ഇതിൽ 724 എണ്ണവും (99.18%) മെയിന്റനൻസ് ചെയ്തതിനും കരാർ സ്ഥാപനത്തിന് പണം നൽകി. ഇവയെല്ലാം രണ്ടുവർഷത്തെ റീപ്ലേസ്മെന്റ് വാറന്റി ഉള്ളവയാണ്.

05) അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വാർഡിലും എത്ര തെരുവുവിളക്കുകളുണ്ട്, അവയിൽ ഉപയോഗിച്ചിരിക്കുന്ന ബൾബ് ഏതെല്ലാം (എൽ.ഇ.ഡി/ട്യൂബ്) എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. കെ.എസ്.ഇ.ബി ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2019-20,2020-21 കാലയളവിൽ സിംഗിൾ ട്യൂബ്,ഡബിൾട്യൂബ്,സി.എഫ്.എൽ ,ഓർഡിനറി ബൾബുകൾ എന്നിവ മാത്രമാണ് പഞ്ചായത്ത് തെരുവുവിളക്കുകളായി ഉപയോഗിച്ചിരുന്നത്. ഓഡിറ്റ് നിർദ്ദേശപ്രകാരം ലഭ്യമാക്കി ഏറ്റവും പുതിയ താരിഫ് കണക്കുകളിലും സിംഗിൾ ട്യൂബ്, ഡബിൾട്യൂബ്,,ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നുണ്ട്. സി.എഫ്.എൽ/എൽ.ഇ.ഡി എന്ന വിഭാഗത്തിലാണ് ബാക്കിയുള്ളവ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനാൽ തന്നെ എത്ര എൽ.ഇ.ഡി ബൾബുകളുണ്ടെന്നോ അവയുടെ വാട്ട് (9w/18w/24w.etc) സംബന്ധിച്ച വിവരങ്ങളോ കെ.എസ്.ഇ.ബിയുടേയോ ഗ്രാമപഞ്ചായത്തിന്റെയോ കൈവശമില്ല.

06) ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് പുതുതായി ആവശ്യമുള്ള തെരുവുവിളക്കുകളുടേയും അനുബന്ധ ഉപകരണങ്ങളുടെയും കൃത്യമായ പട്ടിക തയ്യാറാക്കിയതായോ ക്ഷമതയുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഈ കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.
എല്ലാ വാർഡിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പഞ്ചായത്തിൽ കേടുവന്ന, വാറന്റി കാലാവധി കഴിഞ്ഞ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും മാത്രം മാറ്റി സ്ഥാപിക്കുകയോ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തിപ്പിക്കുകയോ മാത്രം ചെയ്യുന്നുവെന്നത് ഉറപ്പാക്കാൻ ഇവയുടെ വിവരം രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.17/16.01.22)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ വിശദമായി പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 പൊതുടാപ്പുകളുടെ വെള്ളക്കരം- നിലവിലില്ലാത്ത ടാപ്പുകൾക്കും വെള്ളക്കരം നൽകുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയുടെ വെള്ളക്കരം അടക്കൽ പദ്ധതികൾ (പ്രോജക്ട് നം-05/20 & 05/21) പ്രകാരം 2019-20 സാമ്പത്തിക വർഷം 1306000/- രൂപയും 2020-21 സാമ്പത്തിക വർഷം 1627500 /=പയും (തനത് ഫണ്ട് കൂടാതെ) ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 310 പൊതുടാപ്പുകൾക്ക് പ്രതിവർഷം നം.115250) രൂപ നിരക്കിൽ 135625 രൂപയാണ് പ്രതിമാസ വെള്ളക്കരം നൽകേണ്ടിവരുന്നത്. ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾ വഴി വിവിധ വർഷങ്ങളിലായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി വരുന്ന സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത പുനർനിർണ്ണയിക്കുന്നതിന് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന യഥാർത്ഥ കുടിവെള്ള ടാപ്പുകളുടെ എണ്ണം നിശ്ചയിക്കണമെന്ന് സർക്കാർ

നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശപ്രകാരം പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. റിപ്പോർട്ട് പ്രകാരം വിവിധ വാർഡുകളിലെ 25 പൊതുടാപ്പുകൾ നിലവിലില്ലാത്തവയാണ്. നിലവിലില്ലാത്ത ടാപ്പുകൾക്ക് മാത്രമായി വർഷങ്ങളായി 131250/-രൂപ വീതം വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്.രകാരം ആകെയുള്ള 310 പൊതുടാപ്പുകളിൽ വിവിധ വാർഡുകളിലായി 101 പൊതുടാപ്പുകൾ ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. റിപ്പോർട്ട് പ്രകാരം വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം നൽകി വാട്ടർ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഒഴിവാക്കേണ്ട ടാപ്പുകൾക്ക് ഡിസ്കണക്ഷൻ ഫീസായി 123000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിവർഷം 530250/-രൂപയാണ് പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ കുറവ് വരേണ്ടത്. എന്നാൽ നിലവില്ലാത്തതും അധികമായി കണ്ടെത്തി കുറവ് ചെയ്യേണ്ടതുമായ പൊതുടാപ്പുകൾ ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ നാളിതുവരെയായി വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടില്ല. നിലവിലില്ലാത്തതും ചെയ്യാൻ ഫീസ് നൽകിയതുമായ ടാപ്പുകളുടെ വെള്ളക്കരം നിലവിൽ അടക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നിലവില്ലായെന്ന് കണ്ടെത്തി ഡിസ്കണക്ഷൻ ഫീസടച്ച പൊതുടാപ്പുകളുടെ വെള്ളക്കരം ഡിമാന്റിൽ നിന്നും ഒവിവാക്കുന്നതിനും ഇവക്ക് ഈടാക്കിയ വെള്ളക്കരം ക്രമീകരിക്കരിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.14/08.01.21) നൽകിയതിന് ലഭ്യമാക്കില്ല.

## 1-33 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(6) പി.ഡബ്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(7)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/20-21/19.01.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-34 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/20-21/15.01.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യിട്ടില്ല.

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ അയ്യമ്പുഴ ശാഖയിൽ 30.8.2017 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37122907960). എന്നാൽ പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടർ ഫീസ് വരവുള്ളത് 2.12.2020 മുതലാണ്. അതുവരെ ഇ ടെണ്ടർ ഫീ ഇനത്തിൽ എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന 432180/- രൂപ 16.9.21 ൽ ടി അക്കൗണ്ടിലേയ്ക്ക് നൽകുകയും ടി തുക 18.10.21 ൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 31.12.2021 ലെ നീക്കിയിരുപ്പ് 44983/- രൂപയാണ്. ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

മിനിമം ബാലൻസ് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 7812/-രൂപ (24.09.21 വരെ) ബാങ്ക് ഈടാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/20-21/19.01.22) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് ചാർജ്ജിനത്തിൽ പിടിച്ച തുക തിരികെ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക 52795/-രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-36 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും,ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/20-21/15.01.22) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ അടയ്ക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-37 ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ മെയിന്റനൻസിനായി പഞ്ചായത്തിൽ നിന്നും ക്രമ വിരുദ്ധമായി തുക ചെലവഴിച്ചു

ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന റോഡുകളുടെ മെയിന്റനൻസിനായി പഞ്ചായത്തിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ചെലവ് തുക | ബിൽ വിവരം |
|---|---|---|---|---|
| 1 | പാണ്ടുപാറ ഒറ്റത്തേയ്ക്ക് ഫോറസ്റ്റ് റോഡ് ടൈൽ വിരിക്കൽ (മെയിന്റനൻസ്) ഫണ്ട് റോഡ്) | പി.ജെ.ബിജു | 2247655 | 66/11.9.20 |
| 2 | പട്ടിപ്പാറ ഫോറസ്റ്റ് റോഡ് (മെയിന്റനൻസ് ഫണ്ട് റോഡ്) | പി.ജെ.ബിജു | 471214 | ടി.ആർ.എൻ. 12110/16.1.21 |
| | ആകെ | | 2718869 | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.11.2019,17.01.20 തീയതികളിലെ കത്തിന്റെ (നം. കെ.ആർ 2-99/19) അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 3,5,7 വാർഡുകളിൽപ്പെട്ട ഫോറസ്റ്റ് വകുപ്പിന്റെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ചെയ്യുന്നതിന് മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 28.01.20 ലെ സി2-9395/17(സി) നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മെയിന്റനൻസിനു ശേഷം പ്രസ്തുത റോഡുകളിൽ 'ഫോറസ്റ്റ് റോഡ്' എന്ന ബോർഡ് പഞ്ചായത്ത് ചെലവിൽ സ്ഥാപിക്കണമെന്നും, ഭാവിയിൽ ടി റോഡുകളുടെ ഉടമസ്ഥത സംബന്ധിച്ച് പഞ്ചായത്തിനോ, മറ്റ് സ്ഥാപനങ്ങൾക്കോ യാതൊരുവിധ അവകാശങ്ങളോ, അധികാരങ്ങളോ ഉണ്ടായിരിക്കുന്നതല്ല എന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലുള്ളതും, ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി മാത്രമേ പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കാവൂ എന്നിരിക്കെ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, ഫോറസ്റ്റ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ റോഡുകളുടെ മെയിന്റനൻസിനായി പദ്ധതി ധനം ചെലവഴിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്കായി ഭീമമായ തുക ചെലവഴിക്കുന്നത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടുള്ള ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം

ലഭ്യമാക്കേണ്ടതാണ്. സർക്കാർ സാധൂകരണം ലഭ്യമാകും വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | കാരേക്കാട് കാച്ചപ്പിള്ളി റോഡ് ടൈൽ വിരിക്കൽ (186/19) ശ്രീ.പി.രമേശൻ പി.എ.സി- 169216/- എം.ബുക്ക് - 118/19-20 ബിൽ - 19/23.4.20 | 23.11.2018<br>3 മാസം<br>22.2.2019 | 24.1.2020 | 12184 (3+4.2%) |
| | ആകെ | | | 12184 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/19-20 /20.1.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 12184/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-39 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | എസ് 0022/20, ക്ഷീരകർഷകർക്ക് സബ്സിഡി |
| ബിൽ നം ,തീയതി,'ചെലവ് | 1/2020-21,24.17.02.2021,400000 |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 400000, |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

ഡയറി ഫാം ഇൻസ്ട്രക്ടർ വഴി നടപ്പിലാക്കാവുന്ന സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി എന്ന പ്രൊജക്ടിൽ 2020-21 വർഷം അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ 6.2 (8) പ്രകാരം വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചയത്തിലെ 6 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന 126 ക്ഷീരകർഷകർക്ക് വികസന ഫണ്ടിൽ നിന്ന് 3 രൂപ വീതം ഓഗസ്റ്റ്, 2020 സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിൽ മാത്രമാണ് സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളത്. തനത് സാമ്പത്തിക വർഷം 133333ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 6 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർക്ക്

പ്രോൽസാഹനം നൽകാനതകുന്ന ഈ പദ്ധതി ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.01.2022 ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പാലും പാലുല്പന്നങ്ങളും ഗ്രാമീണമേഖലയിലെ ക്ഷീരകർഷകരുടെ വരുമാന സ്രോതസ്സാകയാൽ ഇത്തരം പ്രവൃത്തിയിലേർപ്പെടുന്ന ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ സബ്സിഡി നല്കുന്നതിന് മതിയായ ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-40 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ഒരവലോകനം

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സന്നദ്ധ പോർട്ടലിൽ രജിസ്റ്റർ ചെയ്ത യൂത്ത് വോളന്റിയർമാരെ നിയമിച്ചിട്ടുണ്ട്. പക്ഷേ പരിശീലനം നല്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുള്ളതും, തനത് ഫണ്ടിൽ നിന്നും ഹെൽപ് ഡെസ്കിന്റെ പ്രവർത്തനങ്ങൾക്കായി മൊബൈൽ ഫോൺ വാങ്ങിക്കുന്നതിന്നായി 800/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി 2020-21 സാമ്പത്തിക വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 50000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി വാർഡ് തല മോണിറ്ററിംങ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ തൃപ്തികരവുമാണ്. പഞ്ചായത്ത് തലത്തിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആവിഷ്കരിക്കുകയോ, ആയതിന്റെ പ്രവർത്തനങ്ങൾക്കായി ലൈബ്രറികളോ, അംഗനവാടികളോ, കമ്മ്യൂണിറ്റി ഹാളുകളോ ഉപയോഗപ്പെടുത്തിയിട്ടുമില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും ഒരു പഞ്ചായത്ത് കമ്മറ്റി മാത്രമാണ് ഓൺ ലൈനായി കൂടിയിട്ടുള്ളത്. ബാക്കിയെല്ലാ മീറ്റിംഗുകളും ഓഫ് ലൈനായാണ് കൂടിയിട്ടുള്ളത്. ആയതിന്റെ തീയതിയും വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ എഫ്.എൽ.ടി.സി പ്രവർത്തനം രൂപീകരിച്ചിരുന്നു. ആയതിലേക്ക് 40 കട്ടിലുകളും കിടക്കകളും സജ്ജീകരിച്ച് മരിയ ഭവൻ കോൺവെന്റ് സ്കൂളിൽ സൗകര്യം ഒരുക്കിയിരുന്നു. കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റ് വഴി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി റിവോൾവിംങ് ഫണ്ടിനത്തിൽ 10000/-രൂപ കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും നേരിട്ട് നല്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിനുള്ള സംഭാവനയായിട്ട് തുകയൊന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് മുഖേനയും ജില്ലാ പഞ്ചായത്തു മുഖേനയും ലഭിച്ച പൾസ് ഓക്സീമീറ്ററുകൾ മെഡിക്കൽ ഓഫീസർ കുടുംബ ആരോഗ്യ കേന്ദ്രത്തിൽ ഏല്പിച്ചിട്ടുള്ളതും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുമുള്ളതാണ്.

സി.എഫ്.എൽ.ടി.സിയുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 78106/-രൂപയും ,2020-21സാമ്പത്തിക വർഷം 11227/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇതേവരേ കോവിഡ് ബാധിച്ച് 17 പേർ മരിക്കുകയും 2690 പേർക്ക് കോവിഡ് ബാധ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ തുകഅധികരിച്ച് തുക നല്കി.

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ ജോയി.വി. കിലുക്കൽ വീട്,അയ്യമ്പുഴ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ടിയാനെ ഏല്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ബിൽ പ്രകാരം തുക നല്കിയപ്പോൾ ടെണ്ടർ പ്രകാരമുള്ള തുക നല്കാതെ എസ്റ്റിമേറ്റ് നിരക്ക് നല്കി. ഈ പ്രവൃത്തികൾക്കെല്ലാം തുക നല്കിയിട്ടുള്ളത് 2020-21 സാമ്പത്തിക വർഷത്തിലാണ്. വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

1) കട്ടിംങ് ടവർ ലൈൻ റോഡ് നിർമ്മാണം ( എം ബുക്ക് നം 164/19-20 വാർഡ് നം 9) എഫ്.ടി.ഒ നം 86652

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരൻ നൽകേണ്ട തുക | വ്യത്യാസം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggrgate (10mm) | 2.66m3 | 1650/m3 | 4389 | 1551/m3 | 4126 | 263 |
| Stone Aggrgate (20mm) | 13.08m3 | 1650/m3 | 21582 | 1600/m3 | 20928 | 654 |
| Stone Aggrgate (40mm) | 13.43m3 | 1450/m3 | 19473.50 | 1435.50/m3 | 19279 | 194.50 |
| Port Land Cement | 7.39 Ton | 8000/tonne | 59120 | 7992/tonne | 59061 | 59 |
| Coarse Sand (Zone Iii) | 15.11m3 | 2100/m3 | 31731 | 2079/m3 | 31414 | 317 |
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| Stone For Masonary | 11.71 M3 | 1350/m3 | 15808 | 1348m3 | 15785 | 23 |
| | | | | | | 1990.50 |

മെറ്റിരീയൽ സപ്ലൈ ചെയ്ത കരാറുകാരന് സൺട്രീസ് ഇനത്തിൽ 781/-രൂപ ബില്ലിൽ ചേർത്ത് നല്കിയിട്ടുണ്ട്. കരാറുകാരൻ വിതരണം ചെയ്ത മെറ്റിരിയൽസിന്റെ വിലയ്ക്ക് പുറമേ ഇത്തരത്തിലുള്ള തുക നല്കേണ്ടതില്ല. ആകെ നഷ്ടം ( 781+1990.50=) 2771.50/-

2) പാണ്ടു പാറ തോടിന്റെ സൈഡ് കെട്ടി സരംക്ഷണം വാർഡ് 5, എം ബുക്ക് നം 158, എഫ്.ടി.ഒ നം 129202

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരന് നൽകേണ്ട തുക | അധികം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggregate (20mm) | 0.48 | 1650/m3 | 792 | 1551/m3 | 744 | 48 |
| Stone Aggregate (10mm) | 1.47 | 1650/m3 | 2425 | 1600/m3 | 2352 | 73 |
| Port Land Cement | 0.70m3 | 8000/tonne | 5600 | 7992/tonne | 5594 | 6 |
| Coarse Sand (Zone Iii) | 0.97 Ton | 2100/m3 | 2037 | 2079/m3 | 2017 | 20 |
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| Stone For Masonary | 80.38m3 | 1350/m3 | 108513 | 1348/m3 | 108352 | 161 |
| | | | | | | 788 |

3) ലക്ഷ്മി ഭവൻ ഭാഗത്തുള്ള തോട് സൈഡ് കെട്ട് .വാർഡ് നം 13,എം ബുക്ക് നം02/19-20 ,എഫ്.ടി.ഒ നം 75959

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരന് നൽകേണ്ട തുക | വ്യത്യാസം (കോളം 4-6) (നഷ്ടം) |
|---|---|---|---|---|---|---|
| Stone Aggregate (10mm) | 4.62m3 | 1650/m3 | 7623 | 1551/m3 | 7166 | 457 |
| Stone Aggregate (20mm) | 15.27m3 | 1650/m3 | 25195 | 1600/m3 | 24432 | 763 |
| Stone Aggregate | 4.68m3 | 1450/m3 | 6786 | 1435.50/m3 | 6718 | 68 |

| | | | | | | |
|---|---|---|---|---|---|---|
| (40mm) | | | | | | |
| Port Land Cement | 5.71 Ton | 8000/tonne | 45680 | 7992/tonne | 45634 | 46 |
| Coarse Sand (Zone Iii) | 12.47m3 | 2100/m3 | 26187 | 2079/m3 | 25925 | 262 |
| Wall Form Pannel | 2.72 | 1100 / Each | 2992 | 966/each | 2628 | 364 |
| Channel Shoulder | 1.36 | 1250/each | 1700 | 1050/each | 1428 | 272 |
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| ആകെ വ്യത്യാസം 2712 | | | | | | |

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് സൺടീസ് ഇനത്തിൽ 3088/- രൂപ ബില്ലിൽ ചേർത്ത് നല്കിയിട്ടുണ്ട്. കരാറുകാരൻ വിതരണം ചെയ്ത മെറ്റിരിയൽസിന്റെ വിലയ്ക്ക് പുറമേ ഇത്തരത്തിലുള്ള തുക നൽകേണ്ടതില്ല. ആകെ നഷ്ടം ( 2712+3090)= 5802

4) കടുകളങ്ങര ബാങ്ക് ജങ്ഷൻ മുതൽ അമലപുരം ചർച്ച് വരെ ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ് നം8 എം ബുക്ക് നം.164/19-29,എഫ്.ടി.ഒ നം 85175

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരൻ നൽകേണ്ട തുക | അധികം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggregate (10mm) | 2.95m3 | 1650/m3 | 4867.50 | 1551/m3 | 4575 | 293 |
| Stone Aggregate (20mm) | 14.28m3 | 1650/m3 | 23562 | 1600/m3 | 22848 | 714 |
| Stone Aggregate (40mm) | 14.69 | 1450/m3 | 21300.50 | 1435.50/m3 | 21087 | 213.50 |
| Port Land Cement | 7.88ton | 8000/tonne | 63040 | 7992/tonne | 62976 | 64 |
| Coarse Sand (Zone Iii) | 16.56m3 | 2100/m3 | 34776 | 2079/m3 | 34428 | 348 |
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| | | | | | | 2112.50 |

5) അയ്യനമ്പുഴ തേക്ക്റോഡ് കാന നിർമ്മാണം. വാർഡ് നം,.13. എം ബുക്ക് നം 107/19-20,എഫ്.ടി.ഒ നം 952

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരൻ നൽകേണ്ട തുക | അധികം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggregate (10mm) | 4.50m3 | 1650/m3 | 7425 | 1551/m3 | 6980 | 445 |
| Stone Aggregate (20mm) | 14.86m3 | 1650/m3 | 24519 | 1600/m3 | 23776 | 743 |
| Stone Aggregate (40mm) | 4.55m3 | 1450/m3 | 6597 | 1435.50/m3 | 6532 | 65.50 |
| Port Land Cement | 5.57ton | 8000/tonne | 44560 | 7992/tonne | 44515 | 45 |
| Coarse Sand (Zone Iii) | 12.14 M3 | 2100/m3 | 25494 | 2079/m3 | 25239 | 255 |
| Wall Form Pannel | 2.64 | 1100 / Each | 2904 | 966/each | 2550 | 354 |
| Channel Shoulder | 1.32 | 1250/each | 1650 | 1050/each | 1386 | 264 |

| | | | | | | |
|---|---|---|---|---|---|---|
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| ആകെ | | | | | | 2651.50 |

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരന് സൺടീസ് ഇനത്തിൽ 3006/- രൂപ ബില്ലിൽ ചേർത്ത് നല്കിയിട്ടുണ്ട്. കരാറുകാരൻ വിതരണം ചെയ്ത മെറ്റിരിയൽസിന്റെ വിലയ്ക്ക് പുറമേ ഇത്തരത്തിലുള്ള തുക നൽകേണ്ടതില്ല. ആകെ നഷ്ടം ( 3006+2651.50)= 5657.50

6) അയ്യമ്പുഴ കമ്പനിപ്പടി തോട് സൈഡ് കെട്ടൽ,വാർഡ് നം 4, എം ബുക്ക് നം 178/19-20,എഫ്.ടി.ഒ നം 190418,856738

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരന് നൽകേണ്ട തുക | വ്യത്യാസം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggregate (12mm) | 0.61 | 1650/m3 | 1006 | 1551/m3 | 946 | 60 |
| Stone Aggregate (20mm) | 1.87m3 | 1650/m3 | 3085 | 1600/m3 | 2992 | 93 |
| Port Land Cement | 0.89ton | 8000/tonne | 7120 | 7992/tonne | 7113 | 7 |
| Coarse Sand (Zone Iii) | 1.25 M3 | 2100/m3 | 2625 | 2079/m3 | 2599 | 26 |
| Display Board | | 3000/each | 3000 | 2520/each | 2520 | 480 |
| ആകെ | | | | | | 666 |

7) ദുർബല വിഭാഗക്കാരുടെ വീടുകളുടെ സൈഡ് കെട്ടി സംരക്ഷണം വാർഡ് നം7, എം ബുക്ക് നം 18/19-20,എഫ്.ടി.ഒ നം 381881

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരൻ നല്കേണ്ട തുക | അധികം (കോളം 4-6) |
|---|---|---|---|---|---|---|
| Stone For Masonary | 70.20m3 | 1350/m3 | 94770 | 1348/m3 | 94630 | 140 |
| Display Board | 1 | 3000/each | 3000 | 2520/each | 2520 | 480 |
| | | | | | | 620 |

8)പാണ്ട പാറ തോടിന്റെ സൈഡ് കെട്ടി സരംക്ഷണം വാർഡ് 3, എം ബുക്ക് നം 166,എഫ്.ടി.ഒ നം 122128

| ഇനം | നല്കിയ അളവ് | അനുവദിച്ച തുക (M3 ന് )(Estimate) | ആകെ നല്കിയ തുക | കരാറുകാരൻ ക്വാട്ട് ചെയ്ത തുക | കരാറുകാരൻ നല്കേണ്ട തുക | അധികം (കോളം 4-6) |
|---|---|---|---|---|---|---|
| Stone Aggregate (10mm) | 0.24m3 | 1650/m3 | 396 | 1551/m3 | 372 | 24 |
| Stone Aggregate (20mm) | 0.73m3 | 1650/m3 | 1204 | 1600/m3 | 1168 | 36 |
| Stone For Masonary | 82.46m2 | 1350/m3 | 111321 | 1348./m3 | 111156 | 165 |
| Coarse Sand (Zone Iii) | 0.48m3 | 2100/m3 | 1008 | 2079/m3 | 998 | 10 |
| Display Board | | 3000/each | 3000 | 2520/each | 2520 | 480 |
| | | | | | | 715 |

മേൽ മെറ്റീരിയൽ വർക്ക് ചെയ്തതിൽ (2771.50+788+5802+2112.50+5657.50+666+620+715)19132.50/-രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 20.01.2022 ൽ നല്കിയ 26ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ നഷ്ടം സംഭവിച്ച 19132.50/-രൂപ കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി എം.ജി.എൻ.ആർ.ജി.എസ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

3-2 മാവേലി സ്റ്റോറുകൾക്ക് പഞ്ചായത്തിൽ നിന്നും വാടക നല്കുന്നു.

22.02.2019 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 386/2017 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രണ്ടാമതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 700ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം 5 വർഷം വരെ വാടക രഹിതമായി നല്കുവാൻ അനുമതി നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 25.09.2015 ൽ രണ്ടാമതായി ആരംഭിച്ച മാവേലി സ്റ്റോറിന് ശ്രീ.എൻ.വി ജോയി, മാടൻ വീട്ടിൽ, അയ്യമ്പുഴ, ശ്രീ.എം.കെവർഗ്ഗീസ്,കുത്താൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 11/10(J), 1(28.90 M2) 11/10(N) (14.95M2) എന്നീ നമ്പറുള്ള കെട്ടിടങ്ങൾ സംയുക്തമായാണ് മാവേലി സ്റ്റോറായി പ്രവർത്തിക്കുവൻ നല്കിയത്. എന്നാൽ പ്രസ്തുത വ്യക്തികൾ 01.06.2019 ൽ സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന തങ്ങളുടെ കെട്ടിടത്തിന് നാളിതുവരെ (10/2015 മുതൽ 5/2019 വരെ) വാടക വാങ്ങാതെ സൗജന്യമായി നൽകിയിരുന്നതായും എന്നാൽ 6/2019 മുതൽ വാടക നിശ്ചയിച്ച് നല്കണമെന്ന് അറിയിച്ചത് പ്രകാരം പഞ്ചായത്ത് കമ്മറ്റി യുടെ 04.06.2019 ൽ 7(1) തീരുമാന പ്രകാരം ഈ കെട്ടിടങ്ങൾ വാടക നിർണ്ണയിച്ച് നല്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ഏല്പിക്കുകയും പഞ്ചായത്ത് കമ്മറ്റിയുടെ 29.08.2019 ലെ 3(1) തീരുമാനപ്രകാരം കെട്ടിട ഉടമസ്ഥർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച വാടക നല്കുവാൻ തീരുമാനവുമെടുത്തു. അതിൻ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് പ്രതിമാസം 4000/-,2000/- എന്നീ ക്രമത്തിൽ വാടക നിശ്ചയിച്ച് 06/2019 മുതൽ വാടക നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. 2015 സെപ്തംബറിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കെട്ടിടം നല്കിയ ഉടമസ്ഥരുമായി മാവേലി സ്റ്റോർ അധികൃതരോ, പഞ്ചായത്ത് അധികൃതരോ ഏർപ്പെട്ടിട്ടുള്ള കരാറും, മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനവും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

2. മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ച വേളയിൽ തയ്യാറാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തെന്ന് പരിശോധിക്കാതെയും, സിവിൽ സപ്ലൈസിൽ നിന്നുള്ള അഭിപ്രായം/ കത്തിടപാടുകൾ എന്നിവയൊന്നും കൂടാതെ കെട്ടിട ഉടമകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം വാടക നൽകുവാനുള്ള കാരണം വ്യക്തമല്ല.

3. രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറിന് 5 വർഷം വരെ മാത്രമാണ് വാടക രഹിതമായി കെട്ടിടം നൽകുവാൻ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവ് 9/2020 ൽ പൂർത്തിയായിരിക്കെ നിലവിലും വാടക നൽകുന്നതായി കാണുന്നു.

10/2020 മുതലുള്ള വാടകയിനത്തിൽ 31.3.21 വരെ പഞ്ചായത്തിൽ നിന്നും താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമനം | തുക | ചെക്ക് നം | തീയതി | മാസം | ഉടമസ്ഥൻ |
|---|---|---|---|---|---|
| 1 | 16000 | 41856 | 08.02.2021 | 2020 ഒക്ടോബർ മുതൽ 2021 ജനവരി വരെ | ശ്രീ.എം.വി.ജോയി |
| 2 | 6000 | 43527 | 01.01.2021 | 2020 ഒക്ടോബർ മുതൽ ഡിസംബർ വരെ | ശ്രീ.എം.കെ. വർഗ്ഗീസ് |
| 3 | 4000 | 41916 | 16.03.2021 | 2021 ജനവരി മുതൽ 2021 ഫെബ്രുവരി വരെ | ശ്രീ. എം.കെ . വർഗ്ഗീസ് |
| ആകെ | 26000 | | | | |

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 18.01.2022ൽ നല്കിയ 21ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച കെട്ടിടയുടമകൾക്ക് വാടക നൽകേണ്ടത്

സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. പഞ്ചായത്തിൽ നിന്ന് തുക നല്കുവാൻ കമ്മറ്റി തീരുമാനമെടുത്തതും ക്രമ വിരുദ്ധമാണ്. ആയതിനാൽ ഇതിനായി ചെലവഴിച്ച 26000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1320800 | ക്രിമിറ്റോറിയം | 0 | 1320800 |
| | 2019-20(OB)<br>2020-21 | 1006390<br>1800000 | ലൈഫ് – Project No-52,54,89/2021 | 2050000 | 756390 |
| | 2020-21 | 95225 | സ്കോളർഷിപ്പ്-43/2021 | 95225 | |
| | 2020-21 | 1280000 | ലൈഫ് ഭവനം-52,54,89/2021 | 1280000 | |
| ആകെ | | | | 3425225 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3400000 | ലൈഫ് ഭവനം-P-24,26 &53/2021 | 3400000 | |
| | 2020-21 | 95225 | സ്കോളർഷിപ്പ്-P-43/2021 | 95225 | |
| | 2020-21 | 168300 | സ്കോളർഷിപ്പ്-P-216/2021 | 168300 | |
| | 2018-19 (O.B) | 480000 | ലൈഫ് ഭവനം-P-24,26 &52/2021 | 480000 | |
| ആകെ | | | | 4143525 | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ട് നം-158/21 | 22000935 തീയതി. 31.03.2021 | 1089000 | 0 | 1089000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ട് നം- | 2200999 Dtd.31.03.2021 | 150000 | | 150000 |

| | | | | | |
|---|---|---|---|---|---|
| | P-220/21 | | | | |
| കേരള വാട്ടർ അതോറിറ്റി | ജൽജീവൻ മിഷൻ P-210/21 | ബിൽ നം.21/20-21, തീയതി.25.11.20 | 150000 | | 150000 |
| | ആകെ | | 1389000 | 0 | 1389000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2020-21 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| വായ്പ-ലൈഫ് ഭവന നിർമ്മാണം | ജിഒ (എംഎസ്) 6105/2019/ Fin. Dt.01.08.2019 | 0 | 1717647 | 468314 | 0 | 1249333 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 307255/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 161059/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻ വർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ്/സർച്ചാർജ്ജുകളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82725698.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82082227.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45132.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5841406 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 13330.50 | ശ്രീ.ഷാജൻ സെക്രട്ടറി |
| | | 5802 | ശ്രീ.മണികണ്ഠൻ സെക്രട്ടറി |
| 3-2 | | 26000 | ശ്രീ.ഷാജൻ സെക്രട്ടറി |
| ആകെ | - | 45132.50 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-23 | 79370 | ഡോ. സെറിൻ കുര്യാക്കോസ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി.അയ്യമ്പുഴ | കോട്ടക്കൽ വീട് ,മേക്കാട്.പി.ഒ അങ്കമാലി എറണാകുളം |
| 1-24 | 1288653 | ശ്രീമതി ആശാദേവി ബി,അസി.സെക്രട്ടറി | പാലക്കീഴിൽ ഹൌസ്,കടയിരുപ്പ് പി.ഒ, കോലഞ്ചേരി |
| 1-27 | 1489000 | ശ്രീ.ഷാജൻ സെക്രട്ടറി | അത്തപ്പിള്ളി വീട് വെള്ളാരപ്പിള്ളി.പി.ഒ ശ്രീമൂലനഗരം |
| 1-29 | 17296 | ശ്രീമതി. മനീഷ.ടി.എ ഐ.സി.ഡി.എസ് സൂപ്പർ വൈസർ | പള്ളിയാന വീട് കരേക്കാട്,നടുവട്ടം.പി.ഒ |
| 1-31 | 248218 | ശ്രീമതി രശ്മി എം എസ്, അസി.സെക്രട്ടറി | ഒറ്റാലി,കാരൻചിറ,തൃശ്ശൂർ |
| 1-37 | 2718869 | ശ്രീമതി ആശാദേവി ബി, അസി.സെക്രട്ടറി | പാലക്കീഴിൽ ഹൌസ്, കടയിരുപ്പ് പി.ഒ, കോലഞ്ചേരി |
| ആകെ | 5841406 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ആദായ നികുതി | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-22 | 5600 | ശ്രീ.ഷാജൻ സെക്രട്ടറി | അത്തപ്പിള്ളി വീട് വെള്ളാരപ്പിള്ളി.പി.ഒ ശ്രീമൂലനഗരം |
| ആകെ | 5600 | | |

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ഷാജൻ സെക്രട്ടറി | സെക്രട്ടറി | അത്തപ്പിള്ളി വീട് വെള്ളാരപ്പിള്ളി.പി.ഒ ശ്രീമൂലനഗരം |
| 2 | ശ്രീ.മണികണ്ഠൻ സെക്രട്ടറി | സെക്രട്ടറി(അയ്യമ്പുഴ ഗ്രാമ പഞ്ചയത്ത്) | അമ്പാട്ട് വീട് മൂക്കന്നൂർ.പി.ഒ എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1) തീ.04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2) തീ.04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3) തീ.04.07.19 |
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4) തീ.04.07.19 |
| 2000-01(ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5) തീ.04.07.19 |
| 2001-02(ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2002-03 | 4 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7) തീ.04.07.19 |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |
| 2006-07 | 13 | |
| 2007-08,2008-09, 2009-10&2010-11 | 13 | |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8) തീ.04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(9) തീ.04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(10) തീ.04.07.19 |
| 2015-16 | 3 | |
| 2016-17 | 6 | |
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019 / 01.03.2019 |
| 2018-19 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4)218/2020 /07.03.2020/12.03.2020 |
| 2019-20 | - | കെ.എസ്.എ.-ഇ.കെ.എം(പി4) 121/2022/ |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്